(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സാമ്പത്തിക ലഭ്യതയനുസരിച്ച് മൈനർ ഇറിഗേഷൻ പ്രവർത്തികൾ പലപ്രദമായി പ്രവർത്തിക്കുവാൻ ആവശ്യമായി വരുന്ന പദ്ധതികൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) & (സി) ഈ കാര്യത്തിനുവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കൂടിയാലോചനായോഗം നടന്നിട്ടില്ല.

ആരാധനാലയങ്ങളിൽ നിന്ന് ഈടാക്കുന്ന വെള്ളക്കരം ഡൊമസ്റ്റിക് ചാർജ് ആക്കുവാൻ നടപടി

59 [3921] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരാധനാലയങ്ങളിൽ നിന്നും ഈടാക്കുന്ന വെള്ളക്കരം ഡൊമസ്റ്റിക്/നോൺ-ഡൊമസ്റ്റിക് എന്നിവയിൽ ഏതടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) മൊത്തം വരവിനേക്കാൾ കൂടുതൽ വെള്ളക്കരം അടയ്ക്കേണ്ടി വരുന്നതുകൊണ്ട് പല ആരാധനാലയങ്ങൾക്കും ധാരാളം കുടിശ്ശികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പത്ത് സെന്റിനകത്ത് സ്ഥലമുള്ള ആരാധനാലയങ്ങളെ ഗാർഹിക വിഭാഗത്തിൽ ഉൾപ്പെടുത്തി ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നോൺ-ഡൊമസ്റ്റിക് അടിസ്ഥാനത്തിലാണ്.

(ബി) ആരാധനാലയങ്ങൾ വെള്ളക്കരം കുടിശ്ശിക വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആരാധനാലയങ്ങളെ ഗാർഹിക ഉപഭോക്തൃ വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ നിലവിൽ നിയമം ഇല്ല.

ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകൾ

60 [3922] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിക്ക് വേണ്ടി കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് സ്ഥലം നിശ്ചയിക്കുന്നതിന് സർവ്വേ നടത്തിയിരുന്നതെന്നു അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പനങ്ങാട്, ബാലുശ്ശേരി, നന്മണ്ട, തലക്കുളത്തൂർ, അത്തോളി പഞ്ചായത്തുകളിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് സർവ്വേ പൂർത്തിയാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് സ്ഥലം അക്വയർ നടത്തിക്കഴിഞ്ഞത് എന്ന് പറയാമോ;

(ഡി) അക്വയർ ചെയ്തു കഴിഞ്ഞുവെങ്കിൽ ഓരോ പഞ്ചായത്തിലും എത്ര സ്ഥലം വീതം എടുത്തിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിക്ക് വേണ്ടി കോഴിക്കോട് നഗരത്തിനു പുറമെ ബാലുശ്ശേരി, നന്മണ്ട, നരിക്കുനി, കരുവട്ടൂർ, കക്കൊടി, കാക്കൂർ, തലക്കുളത്തൂർ, ഒളവണ്ണ, പെരുമണ്ണ, പെരുവയൽ, ചെറുവണ്ണൂർ-നല്ലളം, ബേപ്പൂർ, കടലുണ്ടി, ചേളന്നൂർ, എലത്തൂർ, കുന്ദമംഗലം എന്നീ പഞ്ചായത്തുകളിൽ ജലസംഭരണികൾ, വിതരണക്കുഴലുകൾ, ട്രാൻസ്മിഷൻ മെയിനുകൾ മുതലായവ സ്ഥാപിക്കുന്നതിനും ആവശ്യമായ സ്ഥലം കണ്ടുപിടിക്കുന്നതിനും സർവ്വേകൾ നടത്തിയിട്ടുണ്ട്. കൂടാതെ പെരുവണ്ണാമൂഴിയിൽ നിന്നും പദ്ധതി പ്രദേശത്തേയ്ക്ക് ജലം എത്തിക്കുവാൻ ആവശ്യമായ ഘടകങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പിനുവേണ്ടി ചക്കിട്ടപ്പാറ, പനങ്ങാട്, പേരാമ്പ്ര, മേഞ്ഞാണ്യം, ശിവപുരം, കായണ്ണ, കോട്ടൂർ, അവിട്ടനെല്ലൂർ, ഫറോക്ക് എന്നീ പഞ്ചായത്തുകളിലും സർവ്വേ നടത്തിയിട്ടുണ്ട്.

(ബി) പനങ്ങാട്, നന്മണ്ട, ബാലുശ്ശേരി, തലക്കുളത്തൂർ.

(സി) പനങ്ങാട്, ബാലുശ്ശേരി, നന്മണ്ട.

(ഡി) പനങ്ങാട് 0.054 ഹെക്ടർ, ബാലുശ്ശേരി 0.272 ഹെക്ടർ, നന്മണ്ട 0.493 ഹെക്ടർ.

കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസിലെ ദിവസക്കൂലിക്കാരുടെ പ്രതിഫലം

61 [3923] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ഡബ്ലിയു. എ. പമ്പ് ഹൗസിൽ ദിവസക്കൂലി ജോലിക്കാർക്ക് എത്ര രൂപയാണ് പ്രതിഫലമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് വിതരണം ചെയ്യുന്നത് എപ്രകാരമാണെന്നും കുടിശ്ശിക വന്നിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly